# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *154** — **16/02/2016-ന് മറുപടിക്ക്**

## മലയാള ഭാഷ - ഔദ്യോഗിക ഭാഷ

**ചോദ്യം**

ശ്രീ. ലൂഡി ലൂയിസ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. എം.എ. വാഹീദ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള ഭാഷയെ ഔദ്യോഗിക ഭാഷയാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ഉണ്ട് |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) | കേരളത്തിലെ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. പ്രസ്തുത നയം നടപ്പിലാക്കുന്നതിലേക്കുവേണ്ടി കർമ്മപരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ബോർഡുകൾ മലയാളത്തിലാക്കൽ, പരിഭാഷാ സെൽ രൂപീകരണം, വകുപ്പുതല സമിതി, ഭരണഭാഷാ പ്രചാരണം മലയാളത്തിലാക്കൽ, വെബ് സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ, ക്ലാസ് I & II ഓഫീസർ മാർക്ക് മലയാളം കമ്പ്യൂട്ടിങ്ങിലും ഭാഷയിലും പരിശീലനം നൽകൽ തുടങ്ങിയ കാര്യങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് കർമ്മ പരിപാടി രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (സി) | 28/11/2015-ലെ സ.ഉ(കയ്യെഴുത്ത്) 35/2015/ഉഭപവ നമ്പർ ഉത്തരവു പ്രകാരം ഭരണഭാഷാ വർഷാഘോഷം 2015 നവംബർ 1 മുതൽ 2016 ഒക്ടോബർ 31 വരെയുള്ള ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഭാഷാമാറ്റ പുരോഗതി 100% കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതി ഔദ്യോഗിക ഭാഷാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള നിശ്ചിത പ്രൊഫോർമ യിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിനായി 05/02/2014-ലെ സ.ഉ(കൈ) 5/2014/ഉഭപവ, 17/10/2014-ലെ സ.ഉ(കൈ) 35/2014/ഉഭപവ എന്നീ ഉത്തരവുകൾ വഴി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/ അർദ്ധ സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രൊഫോർമയുടെ വിവരങ്ങൾ അടങ്ങിയ പകർപ്പ് ഔദ്യോഗികഭാഷാ വകുപ്പിന് ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ